"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - കണ്ണൂർ ജില്ല - തളിപ്പറമ്പ് മുൻസിപ്പാലിറ്റി ഋരുത്തി ലിങ്ക് റോഡ് - പുനരുദ്ധാരണ പ്രവൃത്തി - കാരാറിലേർപ്പെട്ടതിലുണ്ടായ കാലതാമസം സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണം (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.204/2025/DMD തീയതി,തിരുവനന്തപുരം, 02-04-2025

---

പരാമർശം:- 1. 01.08.2023 ലെ സ. ഉ. (സാധാ) നം. 495/2023/ഡി.എം.ഡി.

2. 02.07.2024 ലെ സ. ഉ. (സാധാ)നം. 457/2024/ഡി.എം.ഡി.

3. കണ്ണൂർ ജില്ലാകളക്ടറുടെ 22.02.2025 ലെ DCKNR/2754/2024-DMD

**ഉത്തരവ്**

എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശിത ഉത്തരവ് പ്രകാരം കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് നഗരസഭയിലെ ഋരുത്തി ലിങ്ക് റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ ഭരണാനുമതി ഉത്തരവായിട്ടുണ്ട്. പ്രൈസ് സോഫ്റ്റ് വെയറിലെ സാങ്കേതിക തകരാർ കാരണം ലെറ്റർ ഓഫ് അക്സെപ്റ്റൻസ് നൽകാൻ കാലതാമസം ഉണ്ടായതിനാലാണ് കരാറിലേർപ്പെടാൻ കാലതാമസമുണ്ടായത്. കൂടാതെ പരാമർശം 2 ഉത്തരവ് തീയതി മുതൽ 2 മാസത്തേയ്ക്ക് 01.09.2024 വരെ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയിരുന്നെങ്കിലും 23.10.2024 നാണ് ഉടമ്പടിയിൽ എർപ്പെട്ടിട്ടുള്ളത്. മേൽ സാഹചര്യത്തിൽ എഗ്രിമെന്റിൽ ഏർപ്പെടുന്നതിനുണ്ടായിട്ടുള്ള കാലതാമസം മാപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അന്തിമ ബിൽ തുക അനുവദിക്കുന്നതിനുള്ള ഉത്തരവുണ്ടാകണമെന്ന് പരാമർശിത കത്ത് പ്രകാരം ജില്ലാകളക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാകളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശിത ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്ന കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് നഗരസഭയിലെ ഋരുത്തി ലിങ്ക് റോഡ് പുനരുദ്ധാരണ പ്രവ്ൃത്തിയുടെ കരാറിലേർപ്പെട്ടതിലെ കാലതാമസം സാധൂകരിച്ചും അന്തിമ ബിൽ തുകയിൽ നിന്നും എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം അനുവദനീയമായ പ്രവൃത്തിക്ക് വേണ്ടി ചെലവായ തുക മാത്രം അനുവദിയ്ക്കുന്നതിന് ജില്ലാകളക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പൂജ ലാൽ കെ എ എസ്

അണ്ടർ സെക്രട്ടറി

ജില്ലാകളക്ടർ, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB2/46/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
Date: 02-04-2025 16:24:45
സെക്ഷൻ ഓഫീസർ

പകർപ്പ്: ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്.